**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3377** — **08.11.2019 ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന അദാലത്തുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന അദാലത്തുകളിൽ തീരുമാനമെടുക്കുന്നതിന് ഉത്തരവാദിത്തപ്പെട്ടവർ ആരൊക്കെയാണ് എന്നറിയിക്കാമോ; | (എ) & (ബി) | നഗരകാര്യ വകുപ്പും പഞ്ചായത്ത് വകുപ്പുമായി ബന്ധപ്പെട്ട് കെട്ടിടനിർമ്മാണ അനുമതി ഫയൽ അദാലത്ത്, ഓഡിറ്റ് ഫയൽ അദാലത്ത്, പരാതി ഫയൽ അദാലത്ത് മുതലായവ നടത്തിയിരുന്നു. ഇത്തരം അദാലത്തുകളിൽ ഫയലിന്റെ രീതിയും വ്യാപ്തിയും അനുസരിച്ചാണ് തീരുമാനം എടുക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ തീരുമാനിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ ഇത്തരം അദാലത്തുകളിൽ, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേധാവി അല്ലാതെ മറ്റാരെങ്കിലും ഫയലുകൾ തീർപ്പാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ആരാണ് ഇത്തരത്തിൽ ഉത്തരവ് നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | | |
| (സി) | പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്ട് എന്നിവ വിഭാവനം ചെയ്തിട്ടുള്ള അധികാരങ്ങൾ ലംഘിച്ചുകൊണ്ട് സർക്കാരോ വകുപ്പുമന്ത്രിയോ ഇത്തരം അദാലത്തുകളിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഇല്ല |

**സെക്ഷൻ ഓഫീസർ**